നമ്പർ 13/2021

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
മനുഷ്യജീവിതത്തിന്റെ ആത്മീയ സൗന്ദര്യവും, സ്വർഗീയ വിശുദ്ധിയും, ആന്തരീക സ്വാസ്ഥ്യവും, വിശുദ്ധ പരിമളവും തിരികെ നേടുവാനായി 'ദൈവത്തിങ്കലേക്ക് മടങ്ങിവരിക' എന്ന ശ്രേഷ്ഠ ദൂതുമായി ഒരു വലിയനോമ്പ് കൂടി സമാഗതമാവുകയാണ്. മഹാമാരികളും നാനാവിധ പ്രതിസന്ധികളും സൃഷ്ടിക്കുന്ന അസമാധാനത്തിന്റെ തുരുത്തുകളിലേക്ക് നാമിന്ന് എത്തി നിൽക്കുന്നു; എങ്കിലും നോമ്പാകുന്ന തോൽക്കാത്ത ആയുധവുമേന്തി ക്രിസ്തുവിന്റെ രക്ഷാകരമായ കുരിശിന്റെ വഴികളിലൂടെ ഒരു തീർത്ഥയാത്ര നടത്തുവാൻ ഈ നോമ്പ് നമ്മോട് ആവശ്യപ്പെടുന്നു. മോഹങ്ങളുടെ ആസ്വാദന വഴികളിൽ നിന്നും പിൻവാങ്ങിക്കൊണ്ട് ആത്മീയ തപസിലൂടെയും സ്വയം സ്വീകരിക്കുന്ന സഹനപാതകളിലൂടെയും കരഗതമാകുന്ന ആത്മീയ ശക്തിയാൽ സാത്താനെയും അവന്റെ തിന്മയുടെ പോരാട്ടങ്ങളെയും തോൽപ്പിക്കുവാൻ വലിയനോമ്പ് നാമേവരെയും ശക്തീകരിക്കുകയും വിമലീകരിക്കുകയും ചെയ്യുന്നു.

"To fast is to banquet with Angels" - നാം ഉപവസിക്കുമ്പോൾ സ്വർഗ്ഗീയ മാലാഖമാരോടുകൂടെ ആഘോഷമായ വലിയ സ്വർഗ്ഗീയ വിരുന്നിൽ പങ്കുകാരാവുകയാകുന്നു എന്ന് പഠിപ്പിച്ചത് വലിയ മാർ അത്താനാസ്യോസ് പിതാവാണ്. വികാര-വിചാരങ്ങളുടെയും വാക്കുകളുടെയും പ്രവൃത്തികളുടെയും പരിപൂർണ്ണമായ വിശുദ്ധീകരണത്തിലൂടെ ദൈവസന്നിധിയിലേക്ക് മടങ്ങിവരുവാൻ വലിയനോമ്പിലൂടെ ദൈവം നമുക്ക് അവസരം നൽകുകയാണ്. മുടിയനായ പുത്രന്റെ തിരിച്ചുവരവിൽ പിതാവ് സന്തോഷിച്ച് വിരുന്ന് നടത്തിയതുപോലെ നമ്മുടെ മാനസാന്തരത്തിലും പ്രാർത്ഥനയിലും സ്വർഗ്ഗീയ പിതാവ് സന്തോഷിക്കുകയും മാലാഖമാരുടെ വിരുന്നിന് നമ്മെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യും. ലോകമുയർത്തുന്ന സമാനതകളില്ലാത്ത വെല്ലുവിളികൾക്കു മുമ്പിൽ മാനുഷികമായ നമ്മുടെ കഴിവുകളും ആശ്രയബോധങ്ങളുമെല്ലാം നിഷ്പ്രഭമായി പോകുന്നു. സമുദ്രത്തിന്റെ ആഴങ്ങളിൽ നിന്ന് യോനായും സിംഹക്കുഴിയിൽ ദാനിയേലും തീച്ചൂളയിൽ ബാലന്മാരും പ്രാർത്ഥിച്ചപ്പോൾ അവരുടെ നിലവിളി കേട്ട് ഉത്തരമരുളിയ ദൈവം യഥാർത്ഥ പശ്ചാത്താപത്തോടുകൂടിയ നമ്മുടെ പ്രാർത്ഥനകളിലും നോമ്പിലും പ്രീതിപ്പെട്ട് പ്രതിസന്ധികളിൽ നമ്മെ ആശ്വസിപ്പിക്കുമെന്നും രക്ഷയുടെ തുറമുഖങ്ങളിലേക്ക് നമ്മെ നയിക്കുമെന്നും നാം ഉറച്ചുവിശ്വസിക്കണം.

വാത്സല്യമക്കളെ, ഈ വലിയനോമ്പിൽ നമുക്ക് നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കാം. സത്യ അനുതാപത്തോടെ നമ്മുടെ പാപങ്ങളെ കണ്ണുനീരാൽ കഴുകിക്കളയാം; മരണകാരണമായ മോഹങ്ങളും ആസ്വാദനങ്ങളും അന്യായമായ സമ്പത്തും ഒഴിവാക്കാം; നിർമ്മല മനസ്സാക്ഷിയോടെ പ്രാർത്ഥനയിലേക്കും നോമ്പിലേക്കും കൗദാശിക ജീവിതാനുഭവങ്ങളിലേക്കും അടുത്തുവരാം; അപ്പോൾ അവൻ നമ്മോടും അടുത്തുവരും. ഈ നോമ്പിന്റെ ആരംഭവും ഇതിന്റെ അവസാനവും അനുഗ്രഹകരമാകട്ടെ. ക്രൂശിന്റെ യഥാർത്ഥമായ ശക്തിയും പുനരുത്ഥാനത്തിന്റെ രക്ഷാകരമായ പ്രത്യാശയും ഉത്ഥിതനായ കർത്താവ് നമ്മുടെ ജീവിതങ്ങളിൽ നിറയ്ക്കട്ടെ. മാനസാന്തരത്തിന്റെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്ന വൃക്ഷങ്ങളാക്കി നമ്മെ രൂപാന്തരപ്പെടുത്തുകയും തേജസ്സിന്റെ അങ്കി ധരിപ്പിക്കുകയും ചെയ്യട്ടെ. കർത്താവിന്റെ രക്ഷാകരമായ നോമ്പേ സമാധാനത്താലെ വരിക..! ദൈവം അനുഗ്രഹിക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2021 ജനുവരി മാസം 30 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.